**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2882** **22-01-2021 - ൽ മറുപടിയ്ക്ക്**

**ചുമട്ടുതൊഴിലാളി മേഖലയിലെ തൊഴിൽ സംസ്കാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .എസ്. ശിവകുമാർ | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ചുമട്ടുതൊഴിലാളി മേഖലയിൽ മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശം നൽകുമോ; | (എ) | കേരളത്തിലെ ചുമട്ടുതൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യകരമായ പ്രവണ തകൾ അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കാനും രമ്യമായ തൊഴിൽ ബന്ധങ്ങൾ സൃഷ്ടിക്കാനുമുള്ള നിർദ്ദേശങ്ങൾ 30/04/2018 ലെ ജി.ഒ(ആർ.ടി) നമ്പർ 511/2018/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ചെയ്യാത്ത ജോലിയ്ക്ക് കൂലി ആവശ്യപ്പെടുന്നത് നിയമ വിരുദ്ധമാണെന്നും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർമാർ പുറപ്പെടുവിച്ച ഏകീകൃത കൂലിപ്പട്ടിക പ്രകാരം കയറ്റിറക്ക് കൂലി നല്കണമെന്നും, അമിതമായി ഈടാക്കിയത് ശ്രദ്ധയിൽപ്പെട്ടാൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ/ഡിസ്ട്രിക്ട് ലേബർ ഓഫീസർമാർ ചുമട്ട് തൊഴിലാളി നിയമ പ്രകാരം പണം തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ കൂലി കൈപ്പറ്റുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടി സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ കോൾ സെന്ററിൽ പരാതി വിളിച്ച് അറിയിക്കാവുന്നതും (ടോൾഫ്രീ നമ്പർ 155215, 180042555214). കാൾ സെന്റർ വഴി ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അനർഹമായി- അമിതമായി ഈടാക്കുന്ന കയറ്റിറക്ക് കൂലി തിരികെ വാങ്ങി നൽകുകയും അമിത കൂലിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തൊഴിലാളി കൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. മാത്രമല്ല, തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ |

| | | | |
|---|---|---|---|
| | | | കേരള ചുമട്ടുതൊഴിലാളി ചട്ടം 26 എ(4) അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. ചുമട്ടുതൊഴിൽ മേഖലയിലെ കയറ്റിറക്ക് കൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാതലത്തിൽ ഏകീകൃത ചുമട്ട് കൂലി പ്രാബല്യത്തിൽ വരുത്തുകയും ആയത് 14 ജില്ലകളിലും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നോക്കുകൂലി നിരോധിച്ചതിന് ശേഷവും സംസ്ഥാനത്ത് ഈ പ്രവണത നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഇക്കാര്യത്തിൽ എന്ത് ഇടപെടലാണ് തൊഴിൽ വകുപ്പിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുന്നതെന്ന് അറിയിക്കാമോ? | (സി) | ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടി സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ കോൾ സെന്ററിൽ പരാതി വിളിച്ച് അറിയിക്കാവുന്നതാണ്. (ടോൾഫ്രീ നമ്പർ 155215, 180042555214). കാൾ സെന്റർ വഴി ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അനർഹമായി- അമിതമായി ഈടാക്കുന്ന കയറ്റിറക്ക് കൂലി തിരികെ വാങ്ങി നൽകുകയും അനർഹ-അമിത കൂലിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബന്ധപ്പെട്ട തൊഴിലാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങി കൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടുതൊഴിലാളി ചട്ടം 26 എ(4) അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ